**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 352      10. 03. 2015 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബിയുടെ ഊർജ്ജ സംരക്ഷണ പ്രചരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>,, ടി.എൻ. പ്രതാപൻ<br>,, കെ.ശിവദാസൻ നായർ<br>,, വി.ഡി. സതീശൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി ഊർജ്ജ സംരക്ഷണ പ്രചരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. മലയാള മനോരമയുമായി സഹകരിച്ച്, ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിക്കാൻ ഉതകുന്നതും ഇതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതുമായ ഊർജ്ജസംരക്ഷണ നുറുങ്ങുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ച ഊർജ്ജച്ചെപ്പ് എന്ന കൈപ്പുസ്തകം വിതരണം ചെയ്തു. ദൃശ്യമാധ്യമങ്ങളിലും ആകാശവാണിയിലും എഫ്.എം. ചാനലുകളിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തു. ഇതിനുപുറമെ സോഷ്യൽ മീഡിയയിലൂടെ (facebook) ഊർജ്ജസംരക്ഷണത്തിന് വേണ്ടത്ര പ്രചാരം നൽകി. കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന തരത്തിലുള്ള പ്രദർശനവസ്തുക്കൾ ഒരുക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് ലിമിറ്റഡ് പത്രങ്ങളിൽക്കൂടി നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും താഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.<br><br>ഇതിനുപുറമെ പൊതുജനങ്ങളുടെ |
| (ബി) | പ്രചാരണത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഊർജ്ജസംരക്ഷണത്തിനായി എല്ലാ ഉപഭോക്താക്കളെയും ബോധവൽക്കരിക്കാനും പ്രോൽസാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ | | |
| (ഡി) | പദ്ധതി നടത്തിപ്പുകൾക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2013 ലും 2014 ലും നടപ്പിലാക്കി. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ള ബൃഹത്തായ ഊർജ്ജസംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ.<br><br>ലാഭപ്രഭ 2014 പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, എൻ. എസ്. എസ്, എൻ.സി.സി, പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരമാവധി സ്കൂളുകളെ ഈ പദ്ധതിയിൽ പങ്കെടുപ്പിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കാനും ഈ പദ്ധതി വിജയിപ്പിക്കാനും, ടെസ്റ്റ് പെൻ, സി.എഫ്. ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, സൗരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പാക്കുന്നതിന് KSEB എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേ-ഷനുകൽ, ഉത്സവങ്ങൾ, മറ്റു സാംസ്കാരിക പരിപാടികൾ എന്നിവിടങ്ങളിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിൽ സാങ്കേതിക ഉപകരണങ്ങളുടെ പ്രദർശനവും വിശദീകരണങ്ങളും വൈദ്യുതി |

| | | | |
|---|---|---|---|
| | | | ബോർഡ് സംഘടിപ്പിച്ചു വരുന്നു. കൂടാതെ എൽ.ഇ.ഡി ബൾബുകളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പ്രചാരണം, ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ, വീട്ടുകളിലെ വൈദ്യുതി ഉപകരണങ്ങളിലെ ഊർജ്ജ സംരക്ഷണം ഉദ്ദേശിച്ചുള്ള ലഘു ലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുന്നു.<br><br>ഐസ് പ്ലാന്റുകളിൽ ഉണ്ടാകുന്ന ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിനായി പല ജില്ലകളിലും സാങ്കേതിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അവർക്കു വേണ്ട സാങ്കേതിക സഹായം നേരിട്ടും ഐസ് പ്ലാന്റ് അസ്സോസിയേഷൻ വഴിയും നൽകി വരുന്നു.<br><br>പുഞ്ച-കോൾ പാടങ്ങളിലെ വെള്ളം വറ്റിക്കുന്നതിനുള്ള പെട്ടി-പറ പമ്പിംഗ് സംവിധാനം നവീകരിക്കുന്നതിനുള്ള രണ്ട് പരീക്ഷണ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി കൃഷി വകുപ്പ്, കേരള ആഗ്രോ മെഷിനറീസ് കോർപ്പറേഷൻ, പമ്പു നിർമ്മാണ കമ്പനികൾ തുടങ്ങിയവയുമായി തുടർനടപടിക്കുള്ള ചർച്ചകൾ നടന്നു വരുന്നു.<br><br>ഊർജ്ജ സംരക്ഷണത്തിനായുള്ള മാർഗ്ഗങ്ങൾ വിശദീകരിക്കുന്ന ലഘു ലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. ഇതിനായി രൂപീകരിച്ചിട്ടുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് (DSM) സെല്ലുകൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. കൂടാതെ സ്കൂൾ, കോളേജ്, എക്സിബിഷൻ തുടങ്ങിയ ഇടങ്ങളിലൂടെയും ഇവ വിതരണം ചെയ്യുന്നതോടൊപ്പം പൊതുജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുന്നു. കാർഷിക വ്യാവസായിക ഉപഭോക്താക്കൾക്കായി വിവിധ ക്ലാസ്സുകളും പരിശീലന പരിപാടികളും ഊർജ്ജ സംരക്ഷണത്തിനായി ചെയ്തു വരുന്നു<br><br>എൽ.ടി ലൈനുകളിലൂടെയുള്ള ഊർജ്ജ |

| | | | |
|---|---|---|---|
| | | | നഷ്ടം പരിഹരിക്കുന്നതിന് പേയാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലെ മഞ്ചാടി ട്രാൻസ്ഫോർമറിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സമ്പ്രദായ പദ്ധതിയുടെ ജോലി പുരോഗമിച്ചു വരുന്നു. വൈദ്യുതി ബോർഡിന് എനർജി ഓഡിറ്റിംഗിന് എനർജി മാനേജ്മെന്റ് സെന്ററിന്റെ (EMC) അംഗീകാരം ഉണ്ട്. ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് ഓഡിറ്റിംഗ് നടത്തി ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് നൽകി വരുന്നു.<br>സംസ്ഥാനത്ത് ഉപഭോക്താക്കളിൽ വ്യാപകമായ തോതിൽ ഊർജ്ജ സംരക്ഷണം നടത്തുന്നതിനായി ഡിമാന്റ് സൈഡ് മാനേജ്മെന്റ് (DSM) സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>കാർഷിക മേഖലയിലും കുടിവെള്ള വിതരണത്തിനും ഉപയോഗിക്കുന്ന കാലപ്പഴക്കമുള്ള പമ്പ് സെറ്റുകൾക്കു പകരം പുതിയ ഊർജ്ജക്ഷമതയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ